കേരള സർക്കാർ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.lfa.kerala.gov.in

# ചിതറ ഗ്രാമപഞ്ചായത്ത്

# ഓഡിറ്റ് റിപ്പോർട്ട്

# 2015-16

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം, കൊല്ലം.
e-mail:doklm.ksad@kerala.gov.in

(രജിസ്റ്റർ ചെയ്ത കൈപ്പറ്റു ചീട്ടു സഹിതം)

നം.കെ.എസ്.എ.കെ.എൽ.എം.പി-4 -329 /2017

കേരള സംസ്ഥാന ഓഡിറ്റ് സീനിയർ

ഡപ്യൂട്ടി ഡയറക്ടറുടെ കാര്യാലയം

കൊല്ലം ജില്ല

തീയതി, 11/02/2017

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)

ചിതറ ഗ്രാമ പഞ്ചായത്ത്

സർ,

വിഷയം :ചിതറ ഗ്രാമപഞ്ചായത്ത് - 2015-16 സാമ്പത്തിക വർഷത്തിലെ

ഓഡിറ്റ് റിപ്പോർട്ട് - സംബന്ധിച്ച്

**********************************

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4)എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം ചിതറ ഗ്രാമപഞ്ചായത്തിന്റെ 2015-16 സാമ്പത്തികവർഷത്തെ ധനകാര്യപത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 3 ലെ 3-1, 3-5, 3-13 ഖണ്ഡികകളിലേയ്ക്ക് പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15).

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ്

പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1)ചട്ടം 20,23, 1997 കേരളാ പഞ്ചായത്ത് രാജ് പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)എന്നിവ കാണുക)

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ് :

1)കേരള സംസ്ഥാന ഓഡിറ്റ് ഡയറക്ടർ, തിരുവനന്തപുരം
(ഉപരിപത്രം സഹിതം)

2)പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ

3)കാര്യാലയ പകർപ്പ്

നം കെ.എസ്.എ.കെ.എൽ.എം.പി4- 329/2017 തിയ്യതി:11/02/2017

കൊല്ലം ജില്ലയിലെ ചിതറ ഗ്രാമപഞ്ചായത്തിന്റെ 2015-16 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4) , 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

കൊല്ലം ജില്ലയിലെ ചിതറ ഗ്രാമപഞ്ചായത്തിന്റെ 2015-16സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. പഞ്ചായത്ത് 01-01-2016 മുതൽ 31-12-2017. തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 11 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 8 എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് പരാമർശങ്ങൾ ഓഡിറ്റ് സമാപനയോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

(എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

| | | | |
|---|---|---|---|
| ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥ | : | ശ്രീമതി.ഗീത.എം., ഡെപ്യൂട്ടി ഡയറക്ടർ | |
| ഓഡിറ്റിന് വിനിയോഗിച്ച സമയം | : | 18-01-2017 മുതൽ 28-01-2017 വരെ | |
| ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ | : | ശ്രീ.ഐസക് ജോൺ. | ഓഡിറ്റ് ഓഫീസർ. |
| | | ശ്രീമതി.സിജാറാണി.എസ്. | അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ. |
| | | ശ്രീ.മനു.കെ.നായർ. | സീനിയർഗ്രേഡ് ഓഡിറ്റർ. |

(ബി)നിർവ്വഹണാധികാരികൾ

| | | |
|---|---|---|
| പ്രസിഡന്റ് | ശ്രീ.മുരളീധരൻ നായർ. | 01-04-2015 മുതൽ<br>31-10-2015 വരെ |
| | അഡ്മിനിസ്ട്രേറ്റീവ് കമ്മിറ്റി | 01-11-2015 മുതൽ<br>18-11-2016 വരെ |
| | ശ്രീമതി.സുജിത കൈലാസ്. | 19-11-2015 മുതൽ<br>31-03-2016 വരെ |
| സെക്രട്ടറി | ശ്രീ.സുരേഷ് കുമാർ | 01-04-2015 മുതൽ<br>27-07-2015 പൂർവ്വാഹ്നം വരെ |
| | ശ്രീ.എൻ.ദേവരാജൻ | 27-07-2015 അപരാഹ്നം മുതൽ<br>31-03-2016 വരെ |
| ഐ.സി.ഡി.എസ് സൂപ്പർവൈസർ | ശ്രീമതി.വി.വിജയ. | 01-04-2015 മുതൽ<br>06-01-2016 പൂർവ്വാഹ്നം വരെ |
| ഐ.സി.ഡി.എസ് സൂപ്പർവൈസർ | ശ്രീമതി.ബാസിമാബീഗം.എസ്. | 06-01-2016 അപരാഹ്നം മുതൽ<br>31-03-2016 വരെ |
| കൃഷി ഓഫീസർ | ശ്രീ.ഭാസ്കരപിള്ള.എൻ. | 01-04-2015മുതൽ<br>29-02-2016വരെ |
| | ശ്രീമതി.സിന്ധു പ്രഭാകർ | 01-03-2016മുതൽ<br>31-03-2016.വരെ |
| അസിസ്റ്റന്റ് എഞ്ചിനീയർ | ശ്രീമതി.ദീനസുശീൽ. | 01-04-2015മുതൽ<br>31-03-2016 വരെ |
| വെറ്ററിനറി സർജൻ | ഡോ.ഡി.എസ്.ബിനു. | 01-04-2015മുതൽ<br>31-03-2016 വരെ |
| മെഡിക്കൽ ഓഫീസർ | ഡോ.രാകേഷ്.എസ്.ആർ | 01-04-2015മുതൽ |

| | | |
|---|---|---|
| അലോപ്പതി | | 31-03-2016 വരെ |
| മെഡിക്കൽ ഓഫീസർ ആയുർവേദം | ഡോ.എസ്.ബിസിനി | 01-04-2015മുതൽ 31-03-2016 വരെ |
| ഹെഡ്മിസ്ട്രസ്സ്,ജി.എൽ.പി.എസ് ചിതറ | ശ്രീമതി.നബീസത്ത് ബീബീ.എം.എച്ച് | 01-04-2015മുതൽ 31-03-2016 വരെ |
| വി.ഇ.ഒ,ചിതറ | ശ്രീ.എച്ച്.മസൂദ് | 01-04-2015മുതൽ 31-03-2016 വരെ |
| അസിസ്റ്റന്റ്സെക്രട്ടറി | ശ്രീ.രാജുദാസ്.എം.കെ. | 01-04-2015മുതൽ 31-03-2016 വരെ |

<u>ഉള്ളടക്കം</u>


| ക്രമ നം. | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ് | 1-1 |
| 2 | വാർഷിക ധനകാര്യപത്രിക. | 1-2 |
| 3 | വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം. | 1-3 |
| 4 | സാമ്പത്തിക വിശകലനം | 1-4 |
| 5 | ഫണ്ട് വിനിയോഗം | 1-5 |
| 6 | പദ്ധതി അവലോകനം. | 1-6 |
| 7 | തനത് വരുമാനം. | 1-7 |
| 8 | ക്ഷേമപദ്ധതികൾ | 1-8 |
| 9 | ക്യാഷ് വെരിഫിക്കേഷൻ | 1-9 |
| 19 | ആഭ്യന്തരനിയന്ത്രണം. | 1-10 |
| 11 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-11 |
| | ഭാഗം 2 | |
| 12 | തൊഴിൽ നികുതി പിരിവിലുള്ള അപാകതകൾ | 2-1 |
| 13 | ലേലത്തുക പൂർണ്ണമായും ഈടാക്കിയിട്ടില്ല. | 2-2 |
| | ഭാഗം 3 | |
| 14 | പദ്ധതി നിർവ്വഹണ രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കിയില്ല | 3-1 |

| | | |
|---|---|---|
| 15 | ഉയർന്ന നിരക്കിൽ സബ്സിഡി നൽകി-പഞ്ചായത്ത് ഫണ്ടിന് നഷ്ടം-17500/- രൂപ | 3-2 |
| 16 | ഐ.കെ.എം-ൽ അധികമായിതുക ഒടുക്കുവരുത്തി | 3-3 |
| 17 | വോട്ടെടുപ്പ് കേന്ദ്രങ്ങളിൽ അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കൽ-ചെലവ് രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കിയില്ല. | 3-4 |
| 18 | ചക്കമല ഫ്ലാറ്റ് അടിസ്ഥാനസൗകര്യങ്ങൾ ഒരുക്കിയിട്ടില്ലാത്തതിനാൽ ഫ്ലാറ്റുകൾ ഗുണഭോക്താക്കൾ ഉപയോഗിക്കുന്നില്ല | 3-5 |
| 19 | സർക്കാർ ഉത്തരവുകൾ, പഞ്ചായത്ത് കമ്മിറ്റി തീരുമാനം എന്നിവ ഇല്ലാതെ നിയമിച്ച ഡേറ്റാ എൻട്രി ഓപ്പറേറ്റർക്ക് നൽകിയ 90116 /- രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. | 3-6 |
| 20 | വളവിൽ ഇരുതോട് റോഡ് കോൺക്രീറ്റിംഗ്-ആവശ്യകതയിൽ കുറഞ്ഞ അളവിൽ സിമന്റ് ഉപയോഗിച്ചു- ഉപയോഗിക്കാത്ത സിമന്റിന് വില നൽകി- നിരാകരിക്കുന്ന തുക- 24070/-രൂപ. | 3-7 |
| 21 | ആവശ്യകതയിൽ കൂടുതൽ അളവിലുള്ള സിമന്റിന് വില കണക്കാക്കി കൺവീനർക്ക് തുക അനുവദിച്ചു- നിരാകരിക്കുന്ന തുക- 31338/-രൂപ | 3-8 |
| 22 | അഡ്വാൻസ് തുക ക്രമീകരിച്ചില്ല-335800/-രൂപ തുക തടസ്സപ്പെടുത്തുന്നു. | 3-9 |
| 23 | സബ് വൗച്ചറുകൾ ഹാജരാക്കിയിട്ടില്ല –ചെലവ്തുക തടസ്സപ്പെടുത്തുന്നു. | 3-10 |
| 24 | വൈദ്യുതി ചാർജ് ഒടുക്ക് – രസീത് ഹാജരാക്കിയിട്ടില്ല –6044/-രൂപ തടസ്സപ്പെടുത്തുന്നു. | 3-11 |
| 25 | വൗച്ചറുകൾ ഹാജരാക്കിയിട്ടില്ല –21500/-രൂപ തടസ്സപ്പെടുത്തുന്നു. | 3-12 |
| 26 | ചെലവുരേഖകൾ ഹാജരാക്കിയില്ല- തടസ്സപ്പെടുത്തുന്ന തുക-1006400/-രൂപ | 3-13 |
| 27 | കാരിച്ചിറ അങ്കണവാടി കെട്ടിടം നിർമ്മാണം- അപാകതകൾ-നിരാകരിക്കുന്ന തുക- 28740/-രൂപ. | 3-14 |
| 28 | പഴവൂർകോണം അങ്കണവാടിക്ക് അറ്റകുറ്റപ്പണി- സിമന്റ് കട്ട ആവശ്യകതയിൽ കുറവായി ഉപയോഗിച്ചു- ഉപയോഗിക്കാത്ത സിമന്റ് കട്ടയ്ക്ക് തുക നൽകി- നിരാകരിക്കുന്ന തുക- 2594/-രൂപ. | 3-15 |
| 29 | ലഭ്യമാകാത്ത രജിസ്റ്ററുകൾക്ക് തുക നൽകി-2070/-രൂപ നിരാകരിക്കുന്നു. | 3-16 |
| 30 | കൈപ്പറ്റു രസീതുകൾ ഹാജരാക്കിയില്ല | 3-17 |
| | ഭാഗം 4 | |
| 31 | സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-1 |
| 32 | ഡെപ്പോസിറ്റ് വർക്കിന് നൽകിയ തുകയുടെ വിശദാംശങ്ങൾ | 4-2 |

| | | |
|---|---|---|
| 33 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് | 4-3 |
| 34 | വായ്പ/ വായ്പ തിരിച്ചടവ് | 4-4 |
| 35 | സ്ഥിരനിക്ഷേപങ്ങൾ | 4-5 |
| 36 | ഓഡിറ്റ് റിക്കവറി | 4-6 |
| 37 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം. | 4-7 |
| 38 | ഓഡിറ്റ് പ്രത്യവലോകനം | 4-8 |
| 39 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ | 4-9 |
| 40 | സാക്ഷ്യപത്രം | 4-10 |

# ഭാഗം 1

## പൊതു അവലോകനം

## 1-1. ബജറ്റ്

2015-16 വർഷത്തെ ബജറ്റ് 30-03-2015 തിയതിയിലെ ഒന്നാം നമ്പർ തീരുമാന പ്രകാരം അംഗീകരിച്ചു. ബജറ്റ് സിംഗിൾ എൻട്രി സമ്പ്രദായത്തിലും വാർഷിക ധനകാര്യ പത്രിക അക്രൂവൽ അടിസ്ഥാനത്തിൽ ഡബിൾ എൻട്രി സമ്പ്രദായത്തിലും തയ്യാറാക്കിയിട്ടുള്ളതിനാൽ ഇവ തമ്മിൽ താരതമ്യം ചെയ്യാൻ ഓഡിറ്റിന് കഴിഞ്ഞിട്ടില്ല.

## 1-2 വാർഷിക ധനകാര്യപത്രിക.

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|
| 31-07-2015 | 30-07-2015 | തിരിച്ചയച്ചില്ല | ഇല്ല |

## 1-3 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം.

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|
| 2015-16 | 27-01-2017 | സർട്ടിഫിക്കറ്റ് അനുബന്ധമായി ഉൾപ്പെടുത്തിയിട്ടുണ്ട്. |

(ഓഡിറ്റ് ചെയ്ത വാർഷിക ധനകാര്യപത്രികയിലെ ഇൻകം ആന്റ് എക്സ്പെൻഡിച്ചർ അക്കൗണ്ട്,റസീറ്റ് ആന്റ് പേയ്മെന്റ് അക്കൗണ്ട്,ബാലൻസ് ഷീറ്റ്,ഓഡിറ്റ് സർട്ടിഫിക്കറ്റ് എന്നിവ അനുബന്ധമായി ചേർത്തിരിക്കുന്നു.*)*

വാർഷിക ധനകാര്യ പത്രികയിലെ ന്യൂനതകൾ

1.ഡെപ്പോസിറ്റ് രജിസ്റ്റർ കാലികമാക്കി സൂക്ഷിച്ചിട്ടില്ലാത്തതിനാൽ വാർഷിക ധനകാര്യ പത്രികയിൽ ഉൾപ്പെടുത്തിയിരിക്കുന്ന തുകകളുടെ കൃത്യത വ്യക്തമല്ല.

2.B-11 പത്രികയിൽ ഉൾപ്പെടുത്തിയിരിക്കുന്ന തുകകളുടെ കൃത്യത ബോധ്യപ്പെടുന്നതിനുള്ള രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല.

3.തൻവർഷം 898932/-രൂപ(മടത്തറ പി.എച്ച്.സി ലാബ് കെട്ടിടം മെയിന്റനൻസ്-698932/-രൂപ, കരിമ്പിൻതൊടി അമ്പലം ഏലാ റോഡ്- 200000/-രൂപ) പാർട്ട് പേയ്മെന്റ് നൽകിയിട്ടുള്ളതായി അസിസ്റ്റന്റ് എഞ്ചിനീയർ സാക്ഷ്യപ്പെടുത്തിയിട്ടുണ്ട്. എന്നാൽ B-11(a) -പത്രിക പ്രകാരം തുക 466472/-രൂപയാണ്.

4.മെയിന്റനൻസ് ഗ്രാന്റ് -NR- യഥാർത്ഥ ചെലവ് – 4359425/- രൂപയാണ്. മുൻ ബാക്കി

1915597/-രൂപ കഴിച്ചാൽ തൻവർഷ വരവ് തുക 2443828/- രൂപയാണ് വരേണ്ടിയിരുന്നത്. എന്നാൽ വാർഷിക ധനകാര്യ പത്രിയിൽ ഉൾപ്പെടുത്തിയിരിക്കുന്നത് 1786736/-രൂപയാണ്.

5.മെയിന്റനൻസ് ഗ്രാന്റ്-റോഡ് ചെലവ്- 11452779/- രൂപയും മുൻ ബാക്കി 6418654/- രൂപയുമാണ്. തൻ വർഷ വരവ് 5034125/-രൂപയാണ് വരവ് വരേണ്ടിയിരുന്നത്. എന്നാൽ വാർഷിക ധനകാര്യ പത്രികയിൽ ഉൾപ്പെടുത്തിയിരിക്കുന്ന തുക 5691217/- രൂപയാണ്.

## 1-4 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | 34222885 |
| വരവ് | 67624649 |
| ആകെ | 101847534 |
| ചെലവ് | 97053295 |
| നീക്കിബാക്കി | 4794239 |

## 1-5 ഫണ്ട് വിനിയോഗം

| ഫണ്ടിനം | മുൻ ബാക്കി | തൻവർഷ വരവ് | ആകെ | ചെലവ് | നീക്കി യിരിപ്പ് | ചെലവ് ശതമാനം |
|---|---|---|---|---|---|---|
| വികസന ഫണ്ട് പൊതു വിഭാഗം | 3752215 | 23338659 | 27090874 | 27090874 | 0 | 100 |
| വികസന ഫണ്ട് എസ്.സി.പി. | 4920879 | 8828609 | 13749488 | 13749488 | 0 | 100 |
| വികസന ഫണ്ട് ടി.എസ്.പി. | 326143 | 575335 | 901478 | 901478 | 0 | 100 |
| സംരക്ഷണ ഗ്രാന്റ് റോഡ് | 6418654 | 5691217 | 12109871 | 12109871 | 0 | 100 |
| സംരക്ഷണ ഗ്രാന്റ് നോൺ റോഡ് | 1915597 | 1786736 | 3702333 | 3702333 | 0 | 100 |
| 13-ാം ധനകാര്യ | 5659202 | 8589381 | 14248583 | 14248583 | 0 | 100 |

| | | | | | | |
|---|---|---|---|---|---|---|
| കമ്മീഷൻ ഗ്രാന്റ് | | | | | | |
| പെർഫോമൻസ് ഗ്രാന്റ് | 6930868 | 2341565 | 9272433 | 9273433 | 0 | 100 |
| എം.എൻ. ആർ. ഇ.ജി.എസ്. | 110646 | 32386639 | 32497285 | 32491752 | 5533 | 99 |
| ബി ഫണ്ട് | ------ | 67865295 | 67865295 | 67865295 | ------ | 100 |

## 1-6 പദ്ധതി അവലോകനം.

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 235 | 127170538 | 201 | 85470391 | 11 | 23 | 85.5 |

## 1-7 തനത് വരുമാനം

മുൻവർഷത്തേക്കാൾ സ്ഥാപനത്തിന് ഈ സാമ്പത്തികവർഷത്തിൽ തനതു വരുമാനത്തിൽ താഴെ പറയും പ്രകാരം. 10.19 ശതമാനം കുറവ് ഉണ്ടായിട്ടുണ്ട്.

| ഇനം | മുൻവർഷം | തൻവർഷം | വ്യത്യാസം | ശതമാനം (+)/(-) |
|---|---|---|---|---|
| നികുതി വരവുകൾ | 7263416 | 3096638 | (-)4166778 | |
| നികുതിയേതര വരവുകൾ | 2106723 | 1864787 | (-)241936 | |
| മറ്റുവരവുകൾ | 11664133 | 13928568 | 2264435 | |
| ആകെ | 21034272 | 18889993 | (-)2144279 | (-)10.19 |

## 1-8 ക്ഷേമപദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 600600 | 325 |
| കർഷകതൊഴിലാളി പെൻഷൻ | 5393640 | 609 |
| വിധവാപെൻഷൻ | 29300000 | 2774 |
| വാർദ്ധക്യകാലപെൻഷൻ | 24720000 | 2788 |
| വികലാംഗപെൻഷൻ | 7374135 | 680 |
| 50വയസ്സിന് മുകളിൽ പ്രായമുള്ള അവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ | 386920 | 39 |
| വിധവകളുടെ പെൺമക്കൾക്കുള്ള വിവാഹ ധനസഹായം | 90000 | 3 |

## 1-9 ക്യാഷ് വെരിഫിക്കേഷൻ

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 18-01-2017 ന് സ്ഥാപന തലവന്റെ/ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 171/-രൂപ ക്യാഷ് ബാലൻസിന്റെ/നീക്കിയിരിപ്പിന്റെ കൃത്യത പരിശോധനയിൽ ബോധ്യപ്പെട്ടു.

## 1-10 ആഭ്യന്തരനിയന്ത്രണം.

ധനാഗമ-ധനവിനിയോഗം സംബന്ധിച്ചുള്ള ഉത്തരവ്- ജി.ഒ.(പി) 177/2006/12-04-06 ഖണ്ഡിക18-3 പ്രകാരം നിർവ്വഹണഉദ്യോഗസ്ഥർ റ്റി.ആർ 7A കാഷ് ബുക്കിൽ ഡിപ്പാർട്ട്മെന്റ് ഫണ്ടിന്റേയും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടേയും വരവ്-ചെലവ് വിവരം രേഖപ്പെടുത്തണം.എന്നാൽ ഗ്രാമപഞ്ചായത്തിലെ പ്രധാന നിർവ്വഹണ ഉദ്യോഗസ്ഥരായ വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ,എം.ഒ-പി.എച്ച്.സി,ഹെഡ്മാസ്റ്റർ-ജി.യു.പി.എസ് ,ഐ.സി.ഡി.എസ് സൂപ്പർവൈസർ എന്നിവർ റ്റി.ആർ 7A കാഷ് ബുക്കിൽ വരവ്-ചെലവ് വിശദാംശങ്ങൾ രേഖപ്പെടുത്തി സൂക്ഷിച്ചിട്ടില്ല.

തനത് ഫണ്ട്, ബി-ഫണ്ട് വൗച്ചറുകൾ കൃത്യമായി സൂക്ഷിച്ചിട്ടില്ല. ആസ്തി രജിസ്റ്റർ, ഇൻകുമ്പെൻസി രജിസ്റ്റർ എന്നിവ പരിപാലിക്കുന്നുണ്ടെങ്കിലും എല്ലാ വിവരങ്ങളും കാലികമാക്കിയിട്ടില്ല. ഡെപ്പോസിറ്റ് രജിസ്റ്റർ കൃത്യമാക്കി സൂക്ഷിക്കുന്നില്ല. കാലഹരണപ്പെട്ട ഡെപ്പോസിറ്റ് തുകകൾ തനത് ഫണ്ടിലേക്ക് മുതൽ കൂട്ടുന്നില്ല. സ്റ്റോക്ക്

രജിസ്റ്ററിൽ എല്ലാ വിവരങ്ങളും ഉൾപ്പെടുത്തി സൂക്ഷിക്കുന്നില്ല.

അസിസ്റ്റന്റ് സെക്രട്ടറി നിർവ്വഹണം നടത്തിയ പ്രവൃത്തികളുടെ നിർവ്വഹണ രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല. *92* ലക്ഷം രൂപ ചെലവഴിച്ച് നിർമ്മിച്ച ചക്കമല ഫ്ലാറ്റ് നിലവിൽ വാസയോഗ്യമല്ല. വൈദ്യുതി, വെള്ളം തുടങ്ങിയ അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കാതെയാണ് ഫ്ലാറ്റ് ഗുണഭോക്താക്കൾക്ക് കൈമാറിയത്.

## 1-11 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 8-02-16 | 11/2016 | ----- |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | വിവരം ലഭ്യമല്ല | 2007-08 മുതൽ 2011-12 വരെ | 20-10-16 |

## ഭാഗം-3

## ചെലവ് കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 2-1 തൊഴിൽ നികുതി - അപാകതകൾ.

1.അസസ്സ്മെന്റ് രജിസ്റ്റർ, കുടിശ്ശിക ഡിമാന്റ് രജിസ്റ്റർ, സ്ഥാപന രജിസ്റ്റർ എന്നിവ പഞ്ചായത്ത് പരിപാലിക്കുന്നില്ല.

2.ചിതറ ക്രഷർ മെറ്റൽസിൽ നിന്നു മാത്രമേ പ്രൊഫഷൻ ടാക്സ് ഈടാക്കുന്നുള്ളൂ. പഞ്ചായത്ത് പ്രദേശത്തെ മറ്റ് മെറ്റൽ ക്രഷറുകളിൽ നിന്നും ക്വാറികളിൽ നിന്നും സ്ഥാപന നികുതി, തൊഴിൽ നികുതി എന്നിവ ഈടാക്കുന്നില്ല. 2015-16 വർഷം സ്ഥാപന നികുതി ഈടാക്കാത്ത മെറ്റൽ ക്രഷർ / ക്വാറികളെ സംബന്ധിച്ച വിവരം താഴെ പറയുന്നു.

| | | |
|---|---|---|
| 1 | ശ്രീ.എം.അബ്ബാസ്<br>എ.ആർ.വില്ല<br>മാങ്കോട് | ക്വാറി |
| 2 | ,, | ക്വാറി |
| 3 | ,, | ക്വാറി |
| 4 | ,, | ക്വാറി |
| 5 | ,, | ക്വാറി |
| 6 | ശ്രീ.എ.ആർ.മധുസൂദനൻനായർ<br>മാനേജിംഗ്പാർട്ണർ<br>ചിതറ | ക്രഷർ& എം.സാന്റ് |
| 7 | ശ്രീ.രഘുനാഥൻആശാരി ഉത്രാടം | മെറ്റൽ ക്രഷർ |

| | | |
|---|---|---|
| | കല്ലറ | |
| 8 | ,, | ക്വാറി |
| 9 | ശ്രീ.എസ്.തുളസീധരൻ സത്യാസ്<br>കല്ലറ | മെറ്റർ<br>ക്രഷർ |
| 10 | ശ്രീ.സജി,ചരുവിളവീട്<br>തോപ്പിൽബിൽഡിംഗ്സ്<br>അടയമൺ | ക്വാറി |
| 11 | ശ്രീ.മൻഹുദ്ദീൻ, എസ്.അൽഫാത്തിമ<br>കുരിയോട് | ക്വാറി-6 എണ്ണം |
| 12 | ,, | മെറ്റർ<br>ക്രഷർ |
| 13 | ശ്രീ.എസ്.സുനിൽകുമാർ<br>ശ്രീലക്ഷ്മി<br>രഘുനാഥപുരം<br>വർക്കല | ക്വാറി |
| 14 | ശ്രീ.എ.എം.ഹസ്സൻ<br>ആസിഫ് മൻസിൽ<br>മാങ്കോട് | ക്വാറി-2 എണ്ണം |

3.ആകെ 55 സ്ഥാപനങ്ങളിൽ നിന്നു മാത്രമാണ് പ്രൊഫഷൻ ടാക്സ് വർഷങ്ങളായി ഈടാക്കി വരുന്നത്.
പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന എല്ലാ സ്ഥാപനങ്ങളിൽ നിന്നും സ്ഥാപനതൊഴിൽ നികുതി ഈടാക്കാൻ നടപടി സ്വീകരിക്കേണ്ടതാണ്.

## 2-2 ലേലത്തുക പൂർണ്ണമായും ഈടാക്കിയിട്ടില്ല.

2015-2016 വർഷങ്ങളിലെ ലേല രജിസ്റ്റർ പരിശോധിച്ചതിൽ ചുവടെപറയുന്ന ഇനങ്ങൾ ലേലം ചെയ്തു നൽകിയ ലേലക്കാരിൽ നിന്നും ലേലത്തുക ഈടാക്കാൻ ശേഷിക്കുന്നുണ്ട്.

| വർഷം | ലേല ഇനം | ലേലക്കാരന്റെ പേര് | ഒടുക്കേണ്ട ലേലത്തുക (രൂപയിൽ) | ഒടുക്കിയ തുക (രൂപയിൽ) | ശേഷിക്കുന്ന തുക (രൂപയിൽ) |
|---|---|---|---|---|---|
| 2013-14 | ഐരക്കുഴി പബ്ലിക്ക്മാർക്കറ്റിൽ താൽക്കാലിക സ്റ്റാൾ കെട്ടി മാട്ടിറച്ചി വ്യാപാരം | ശ്രീ.മുഹമ്മദുയൂസഫ് | 35000 | 7000 | 28000 |

| | | | | | |
|---|---|---|---|---|---|
| 2014-15 | ഐരക്കുഴി പബ്ലിക്ക്മാർക്കറ്റിൽ താൽക്കാലിക സ്റ്റാൾ കെട്ടി മാട്ടിറച്ചി വ്യാപാരം | ശ്രീ.മുഹമ്മദുയൂസഫ് | 500 | - | 500 |
| 2014-15 | കിഴക്കുംഭാഗം പബ്ലിക്ക്മാർക്കറ്റിൽ താൽക്കാലിക സ്റ്റാൾ കെട്ടി ആട്ടിറച്ചി വ്യാപാരം | ശ്രീ.സൈനുദ്ദീൻ | 2500 | - | 2500 |
| 2014-15 | കിഴക്കുംഭാഗം പബ്ലിക്ക്മാർക്കറ്റിൽ താൽക്കാലിക സ്റ്റാൾ കെട്ടി മാട്ടിറച്ചി വ്യാപാരം | ശ്രീ.സൈനുദ്ദീൻ | 105000 | 45000 | 60000 |
| ആകെ | | | | | 91000 |

ലേല വ്യവസ്ഥ പ്രകാരം ലേലം താൽക്കാലികമായി സ്ഥിരപ്പെടുത്തിയാലുടനെ ലേലത്തുക പൂർണ്ണമായും ഒടുക്കുവരുത്തേണ്ടതാണ്. ലേലത്തുക കുടിശ്ശിക ഒടുക്കുന്നതിനായി സെക്രട്ടറി ടിയാളുകൾക്ക് കത്തു നൽകി ഇവർക്കെതിരെ റവന്യൂ റിക്കവറി നടപടികൾ നാളിതുവരെയും ആരംഭിച്ചിട്ടില്ല. ലേലത്തുക കുടിശ്ശിക ഒടുക്കിയിട്ടുണ്ടെങ്കിൽ ആയതിന്റെ വിശദാംശങ്ങൾ ഹാജരാക്കുന്നതിന് നൽകിയ എൻക്വയറിക്ക് (നം.14/28.01.17) മറുപടി ഒന്നും തന്നെ ഓഡിറ്റിൽ ഹാജരാക്കിയില്ല. ഈയിനത്തിൽ പഞ്ചായത്ത് ഫണ്ടിനുണ്ടായ നഷ്ടം 91000/- രൂപ ഈടാക്കുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 3-1 പദ്ധതി നിർവ്വഹണ രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കിയില്ല

2015-16 സാമ്പത്തിക വർഷത്തിൽ അസിസ്റ്റന്റ് സെക്രട്ടറി നിർവ്വഹണം നടത്തിയ പദ്ധതികളുടെ നിർവ്വഹണരേഖകൾ പരിശോധനയ്ക്ക് ഹാജരാക്കിയില്ല. തൻവർഷം നടപ്പിലാക്കിയ പദ്ധതികളുടേയും അനുവദിച്ച തുകയുടേയും വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| പ്രോജക്റ്റ് നം | പ്രോജക്റ്റിന്റെ പേര് | അനുവദിച്ച തുക-തീയതി |
|---|---|---|
| 193/16 | കുടിവെള്ള കിണർ നിർമ്മാണം | 1)67500/-03-09-15<br>2)30000/-27-10-15<br>3)7500/-27-02-16 |

| | | |
|---|---|---|
| 191/16 | കിണർ കഴുത്ത് കെട്ടി സംരക്ഷിക്കൽ | 1)17500/-28-09-15<br>2)2500/-27-10-15 |
| 192/16 | ഭവനപുനരുദ്ധാരണം | 25000/-28-09-15 |
| 19/16 | ഭവനനിർമ്മാണം | 1)360000/-27-10-15<br>2)1230000/-18-01-16<br>3)1560000/-27-02-16<br>4)2070000/-17-03-16<br>5)1680000/-23-03-16 |
| 99/16 | ഐ.എ.വൈ വിഹിതം ഒടുക്കൽ | 1100000/-25-01-16 |
| 215/16 | എസ്.സി കുട്ടികൾക്ക് ലാപ്പ്ടോപ്പ് | 548730/-17-03-16 |
| ആകെ | | 8698730/- |

പദ്ധതി നിർവ്വഹണ രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കാൻ ആവശ്യപ്പെട്ടുകൊണ്ട് 23-01-2017 -ൽ നൽകിയ ഓഡിറ്റ് അന്വേഷണത്തിന്റെ (നം.8) അടിസ്ഥാനത്തിൽ പ്രോജക്ട് നം.19/16-ഭവന നിർമ്മാണം എന്ന പദ്ധതിയുടെ ഗുണഭോക്താക്കളുടെ വ്യക്തിഗത അപേക്ഷാഫോമുകൾ, തുകയുടെ കൈപ്പറ്റ് വിശദാംശം എന്നിവ മാത്രം ഹാജരാക്കി. പദ്ധതിക്കായി തുക വികസനഫണ്ടിൽ നിന്നും പിൻവലിച്ച ബില്ലുകൾ, പ്രോജക്ട്, ഗുണഭോക്തൃപട്ടിക എന്നിവയൊന്നും തന്നെ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല. മറ്റ് പദ്ധതികളുടെ നിർവ്വഹണരേഖകളൊന്നും തന്നെ പരിശോധനയ്ക്ക് ഹാജരാക്കിയില്ല. ടി സാഹചര്യത്തിൽ രേഖകൾ ആവശ്യപ്പെട്ടുകൊണ്ട് തുടരന്വേഷണം (നം.11/27-01-17) നൽകിയെങ്കിലും നിർവ്വഹണ ഉദ്യോഗസ്ഥനായ അസിസ്റ്റന്റ് സെക്രട്ടറി രേഖകളൊന്നും തന്നെ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ലാത്ത സാഹചര്യത്തിൽ 15-16 സാമ്പത്തിക വർഷത്തിൽ വിവിധ പദ്ധതികളുടെ നിർവ്വഹണത്തിനായി വികസനഫണ്ട് എസ്.സി.പി-യിൽ നിന്നും ചെലവഴിച്ച 8698730/-രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. ചെലവ് രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കാത്ത പക്ഷം ടി ചെലവ് നടത്തിയിട്ടില്ല എന്ന നിഗമനത്തിൽ പിൻവലിച്ച മുഴുവൻ തുകയും നിർവ്വഹണ ഉദ്യോഗസ്ഥൻ തിരിച്ചടയ്ക്കേണ്ടതാണ്.

## 3-2 ഉയർന്ന നിരക്കിൽ സബ്സിഡി നൽകി-പഞ്ചായത്ത് ഫണ്ടിന് നഷ്ടം-17500/-രൂപ

കൃഷി ഓഫീസർ നിർവ്വഹണം നടത്തിയ പ്രോജക്ട് നം 15/16-കാട് വെട്ടി യന്ത്രം നൽകൽ എന്ന പദ്ധതി പ്രകാരം ഗുണഭോക്താക്കൾക്ക് ആനുകൂല്യം നൽകിയപ്പോൾ സർക്കാർ നിർദ്ദേശിച്ച സബ്സിഡി നിരക്കിൽ നിന്നും അധികരിച്ച് തുക ചെലവഴിച്ചിരിക്കുന്നു. ജി.ഒ(എം.എസ്സ്)362/2013/ത.സ്വ.ഭ.വ-തീയതി 16-11-2013- ഖണ്ഡിക 3-1 പ്രകാരം പൊതുവിഭാഗത്തിന് (വ്യക്തിഗത ഗുണഭോക്താക്കൾക്ക്) കാട്ടുവെട്ടിയന്ത്രം

നൽകുമ്പോൾ വിലയുടെ 50%പരമാവധി 5000/-രൂപയാണ് സബ്സിഡിയായി നൽകേണ്ടത്. എന്നാൽ മേൽ പദ്ധതിയുടെ 7 ഗുണഭോക്താക്കൾക്കും 7500/-രൂപ വീതം സബ്സിഡിയായി നൽകിയിരിക്കുന്നു. വികസനഫണ്ട് ജനറൽ വിഭാഗത്തിൽ നിന്നും 52500/-രൂപ (ബിൽ നം-4/15-16/23-02-15 -37500/-,ബിൽ നം-7/15-16/30-01-16-15000 /-)ചെലവഴിച്ചിരിക്കുന്ന പദ്ധതിയിൽ 17500/- രൂപ (7X 2500) ഉയർന്ന നിരക്കിൽ സബ്സിഡി നൽകുന്നതിനായി ചെലവഴിച്ചിരിക്കുന്നു. ടി ചെലവ് ഓഡിറ്റിൽ അംഗീകരിക്കുന്നില്ല. അധികമായി നൽകിയിരിക്കുന്ന തുക ചെലവ് നടത്തിയ നിർവ്വഹണ ഉദ്യോഗസ്ഥനിൽ നിന്നും തിരികെ ഈടാക്കേണ്ടതാണ്.

## 3-3 ഐ.കെ.എം-ൽ അധികമായി തുക ഒടുക്കുവരുത്തി

പ്രോജക്ട് നം-256/16 പ്രകാരം ഐ.കെ.എം- ൽ വിഹിതം ഒടുക്ക് വരുത്തുന്നതിനായി വികസനഫണ്ട് പൊതുവിഭാഗത്തിൽ നിന്നും 121243/- രൂപ പിൻവലിച്ച് (ബിൽ നം. 32/15-16/31-03-16) ഡി.ഡിനം 828833/02-04-16 ആയി എ.കെ.എം എക്സിക്യൂട്ടീവ് ഡയറക്ടർക്ക്നൽകിയിട്ടുണ്ട്. സർക്കാർ ഉത്തരവ് (ആർ.ടി) നം1228/2016 /എൽ.എസ്.ജി.ഡി-തീയതി 08-03-16 പ്രകാരം ഗ്രാമപഞ്ചായത്തിന് ലഭിക്കുന്ന പ്ളാൻഫണ്ടിന്റെ 0.25% ഐ.കെ.എം വിഹിതമായി നൽകുന്നതിന് ഉത്തരവായിട്ടുണ്ട്. പഞ്ചായത്തിന് തൻവർഷം ലഭിച്ച വികസനഫണ്ട് 4,36,73,549/-രൂപയാണ്.ടി തുകയുടെ 0.25% 109184/-രൂപയാണ്. എന്നാൽ പഞ്ചായത്തിൽ നിന്നും 12059/-രൂപ അധികമായി ഒടുക്കിയിരിക്കുന്നു.അധികമായി ഒടുക്കിയ തുക തിരികെ ഈടാക്കുന്നതിനുള്ളതോ, വരുംവർഷങ്ങളിലെ വിഹിതത്തിൽ ക്രമീകരിക്കുന്നതിനുള്ളതോ ആയ നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 3-4 വോട്ടെടുപ്പ് കേന്ദ്രങ്ങളിൽ അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കൽ-ചെലവ് രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കിയില്ല.

ചടയമംഗലം നിയോജകമണ്ഡലത്തിലെ ബൂത്ത് നം-156 , ജി.എൽ.പി.എസ്-ചിതറയിൽ വോട്ടെടുപ്പിനോടനുബന്ധിച്ച് റാമ്പ് സ്ഥാപിക്കുന്നതിനായി പ്രോജക്ട് നം-254/16 പ്രകാരം വികസനഫണ്ട് ജനറലിൽ നിന്നും 10000/-രൂപ വകയിരുത്തിയ പദ്ധതിയുടെ നിർവ്വഹണ ഉദ്യോഗസ്ഥൻ സെക്രട്ടറിയാണ്. ബിൽ നം -31/15-16/31-03-16 പ്രകാരം പിൻവലിച്ച തുക ഡി.ഡി.നം-828831/02-04-16 പ്രകാരം സെക്രട്ടറിയുടെ പേരിൽ തന്നെ നൽകിയിരിക്കുകയാണ്. പ്രവൃത്തി നടപ്പിലാക്കിയതിന്റെ ചെലവ് രേഖകൾ ഹാജരാക്കാൻ ഓഡിറ്റ് എൻക്വയറി നം 11/27-01-17 പ്രകാരം ആവശ്യപ്പെട്ടെങ്കിലും രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കിയില്ല. ചെലവ് രേഖകൾ പരിശോധനയ്ക്ക് ലഭിച്ചിട്ടില്ലാത്തതിനാൽ പദ്ധതിക്കായി പിൻവലിച്ച 10000/-രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 3-5 ചക്കമല ഫ്ലാറ്റ് അടിസ്ഥാനസൗകര്യങ്ങൾ ഒരുക്കിയിട്ടില്ലാത്തതിനാൽ ഫ്ലാറ്റുകൾ ഗുണഭോക്താക്കൾ ഉപയോഗിക്കുന്നില്ല.

ജനറൽ വിഭാഗത്തിൽപ്പെട്ടവർക്കായും പട്ടികജാതി വിഭാഗത്തിൽപ്പെട്ടവർക്കായുമുള്ള 20യൂണിറ്റ് ഫ്ലാറ്റുകൾ നിർമ്മിക്കുന്നതിനായി 2012-13 സാമ്പത്തിക വർഷത്തിൽ ആരംഭിച്ച പദ്ധതിയാണ് ചക്കമല ഫ്ലാറ്റ് നിർമ്മാണം. പദ്ധതി നിർവ്വഹണത്തിനായി(ആകെ 65,00,000/-രൂപ പദ്ധതി അടങ്കലായി)ഗ്രാമ പഞ്ചായത്ത് സെക്രട്ടറിയും കേരള ഭവനനിർമ്മമാണബോർഡുമായി കരാറിലേർപ്പെട്ടതിൽ 12-13സാമ്പത്തിക വർഷത്തിൽ 26,00,000/-രൂപയും 13-14 സാമ്പത്തിക വർഷത്തിൽ 35,75,000/- രൂപയും ഒടുക്ക് വരുത്തിയിട്ടുണ്ട്.

ചക്കമല-ഫ്ലാറ്റ്നിർമ്മാണം-അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കൽ എന്ന പ്രവൃത്തി നടപ്പിലാക്കിയത് 2013-14,2014-15 സാമ്പത്തികവർഷങ്ങളിലായാണ്. ചിതറ ഗ്രാമ പഞ്ചായത്തിൽ ഭവനനിർമ്മാണ ബോർഡ് നിർമ്മിച്ചു കൊണ്ടിരിക്കുന്ന കെട്ടിടങ്ങളുടെ ബാക്കി പണികളായ ഭിത്തിതേപ്പ്,വെള്ളപൂശൽ എന്നിവയോടൊപ്പം വാട്ടർ സപ്ലൈ, ഇലക്ട്രിഫിക്കേഷന്റെ നിർമ്മാണം, സാനിട്ടറി എന്നിവയ്ക്കായി ആകെ എസ്റ്റിമേറ്റ് തുക 3242435/- ആയി അംഗീകരിച്ച് നടപ്പിലാക്കിയതാണ് ചക്കമല ഫ്ലാറ്റ് നിർമ്മാണം അടിസ്ഥാനസൗകര്യങ്ങൾ ഏർപ്പെടുത്തൽ എന്ന പദ്ധതി. പട്ടികജാതി വിഭാഗത്തിലും ,ജനറൽ വിഭാഗത്തിലുമായി നടപ്പിലാക്കിയ പ്രോജക്ട് നം 130/13-14,131/13-14, എന്നീ പദ്ധതികൾ 13-14 സാമ്പത്തിക വർഷത്തിൽ നടപ്പിലാക്കുന്നതിന് അനുമതി ലഭിക്കുകയും, ആയതിൻ പ്രകാരം ആകെ 3242435 /-രൂപ അടങ്കലിൽ പദ്ധതി നടപ്പിലാക്കുന്നതിനായി 15-10-2013 തീയതിയിൽ ഗ്രാമ പഞ്ചായത്ത് സെക്രട്ടറിയും ഭവനനിർമ്മാണ ബോർഡ് എക്സിക്യൂട്ടീവ് എഞ്ചിനീയറുമായി 11/13-14/15-10-13 നമ്പരായി കരാറിലേർപ്പെട്ടിട്ടുണ്ട്. 13-14 സാമ്പത്തികവർഷത്തിൽ 1296974/-രൂപയും 14-15 സാമ്പത്തികവർഷത്തിൽ 1783337/-രൂപയുമുൾപ്പെടെ ആകെ 3080311/-രൂപയുടെ ചെലവാണ് നടത്തിയിരിക്കുന്നത്.

ഭവനനിർമ്മാണബോർഡ് ചീഫ് എൻജിനീയറുടെ 14-05-14 ലെ Q/DB/8093 /CHITHARA/13 നമ്പർ കത്ത് പ്രകാരം ഇരുപത് യൂണിറ്റ് ഫ്ലാറ്റുകളുടെ നിർമ്മാണം 100 ശതമാനം പൂർത്തിയാക്കിയിട്ടുണ്ടെന്നറിയിച്ചിരുന്നുവെങ്കിലും 20-5-15 ലാണ് നിർമ്മാണം പൂർത്തിയാക്കിയ 20 ഫ്ലാറ്റുകളും സെക്രട്ടറിക്ക് കൈമാറിയിട്ടുള്ളത്. ഗ്രാമ പഞ്ചായത്ത് കമ്മിറ്റിയുടെ 09-06-15ലെ 3-ാംനമ്പർ തീരുമാന പ്രകാരം ഗുണഭോക്താക്കളെ അംഗീകരിച്ചു ഫ്ലാറ്റുകൾ കൈമാറുകയായിരുന്നു. തെരഞ്ഞെടുക്കപ്പെട്ട ഗുണഭോക്താക്കളുടെ വിശദാംശങ്ങളും ഗുണഭോക്താക്കളെ ഗ്രാമസഭ അംഗീകരിച്ചതിന്റെ വിശദാംശങ്ങളും പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല. ഓഡിറ്റിനോടനുബന്ധിച്ച് നടത്തിയ പ്രാദേശിക പരിശോധനയിൽ ചക്കമലയിൽ നിർമ്മിച്ച ഫ്ലാറ്റുകളിൽ വൈദ്യുതി കണക്ഷനും കുടിവെള്ള സൗകര്യങ്ങളും നാളിതുവരെ ലഭ്യമായിട്ടില്ലാത്തതിനാൽ ഗുണഭോക്താക്കളാരും തന്നെ ഫ്ലാറ്റിൽ താമസിക്കുന്നില്ലെന്ന് ബോധ്യപ്പെട്ടു. നിലവിൽ പഞ്ചായത്തിന്റെ നിഷ്ക്രിയ ആസ്തിയായി ചക്കമല ഫ്ലാറ്റ് മാറിയിരിക്കുകയാണ്. ചക്കമല ഫ്ലാറ്റ് നിർമ്മാണത്തിനും അടിസ്ഥാനസൗകര്യങ്ങളൊരുക്കുന്നതിനുമായി ആകെ 92,55,311/-രൂപയാണ് പഞ്ചായത്ത് ചെലവഴിച്ചിരിക്കുന്നത്.

കുടിവെള്ള ക്ഷാമം രൂക്ഷമായ പ്രദേശമായ ചക്കമലയിൽ കുടിവെള്ളസൗകര്യങ്ങളും മറ്റ്

അടിസ്ഥാന സൗകര്യങ്ങളും ഒരുക്കാതെ ഗുണഭോക്താക്കൾക്ക് ഫ്ലാറ്റുകൾ കൈമാറിയത് പദ്ധതി ലക്ഷ്യം കൈവരിക്കാതിരുന്നതിനുള്ള പ്രധാന കാരണമാണ്. അടിസ്ഥാന സൗകര്യങ്ങളൊരുക്കി ഫ്ലാറ്റുകൾ വാസയോഗ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## **3-6** സർക്കാർ ഉത്തരവുകൾ, പഞ്ചായത്ത് കമ്മിറ്റി തീരുമാനം എന്നിവ ഇല്ലാതെ നിയമിച്ച ഡേറ്റാ എൻട്രി ഓപ്പറേറ്റർക്ക് നൽകിയ **90116 /-** രൂപ തടസ്സപ്പെടുത്തുന്നു.

ഗ്രാമ പഞ്ചായത്തുകളിൽ സ്ഥിരം തസ്തികകളിൽ ഒന്നല്ലാത്ത ഡേറ്റാ എൻട്രി ഓപ്പറേറ്റർ തസ്തികയിൽ ദിവസവേതനാടിസ്ഥാനത്തിൽ 4/15മുതൽ 12/15 വരെ ജോലി ചെയ്ത ശ്രീമതി. ഷീജയ്ക്ക് ആകെ 90116/-രൂപ നല്കി . വിശദ വിവരം ചുവടെ ചേർക്കുന്നു.

| വൗച്ചർ നം/തീയതി | ചെക്ക് നം തീയതി | തുക (രൂപ) |
|---|---|---|
| 7/4.4.15 | 172027/4.4.15 | 10000 /- |
| 59/2.5.15 | 430305/2.5.15 | 8400/- |
| 129/2.6.15 | 686629/2.6.15 | 9600/- |
| 178/1.7.15 | 2138041/1.7.15 | 10000/- |
| 293/1.8.15 | 2138051/1.8.15 | 10000/- |
| 365/26.8.15 | 186418/4.11.15 | 7200/- |
| 438/1.10.15 | 2138059/1.10.15 | 9600/- |
| 6/4.11.15 | 186418/4.11.15 | 9200/- |
| 12/1.12.15 | 186429/1.12.15 | 9600/- |
| 16/1.12.15 | 186430/1.12.15 | 3124/- |
| 59/16.12.15 | 432816/16.12.15 | 3392/- |
| ആകെ | | 90116/- |

ടിയാളുടെ നിയമനം സംബന്ധിച്ച രേഖകൾ (സർക്കാർ ഉത്തരവുകൾ, പഞ്ചായത്ത് കമ്മിറ്റി തിരുമാനം എന്നിവ) എൻക്വയറി നം. 7തീ 25-01-17, പ്രകാരംആവശ്യപ്പെട്ടെങ്കിലും മറുപടി ഹാജരാക്കിയില്ല. മറുപടി ലഭ്യമാക്കാത്തതിനാലും നിയമനം സംബന്ധിച്ച രേഖകൾ (സർക്കാർ ഉത്തരവുകൾ, പഞ്ചായത്ത് കമ്മിറ്റി തിരുമാനം എന്നിവ) ഇല്ലാത്തതിനാലും 90116/- രൂപ തടസ്സപ്പെടുത്തുന്നു. രേഖകൾ സഹിതം വിശദീകരണം ലഭ്യമാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്.

## **3-7** വളവിൽ ഇരുതോട് റോഡ് കോൺക്രീറ്റിംഗ്-ആവശ്യകതയിൽ കുറഞ്ഞ അളവിൽ സിമന്റ് ഉപയോഗിച്ചു- ഉപയോഗിക്കാത്ത സിമന്റിന് വില നൽകി- നിരാകരിക്കുന്ന തുക- **24070/-**രൂപ.

പ്രോജക്റ്റ് നം. – SO033/16
നിർവ്വഹണം- അസി. എഞ്ചിനീയർ.

അടങ്കൽ തുക- 400000/- (CFC)

കൺവീനർ- ശ്രീ. സുരേന്ദ്രൻ

എഗ്രി. നം/തീ- 38/AE/LSGD/CHRA/15-16 dt-31.7.2015

എം. ബുക്ക് നം.40/15-16

ആകെ പ്രവൃത്തിമൂല്യം- 466275/-

ബിൽ നം. 35/15-16/18.9.2015

കൺവീനർ ഹാജരാക്കിയ ചെലവുരേഖകളുടെ വിവരം താഴെ ചേർക്കുന്നു.

| ക്രമ നം. | ഇനം | തുക (രൂപ) |
|---|---|---|
| 1 | സിമന്റ് (200 ചാക്ക്= 10000 Kg) | 78600 |
| 2 | മെറ്റൽ, എം.സാന്റ് | 157000 |
| 3 | മിക്സിംഗ് മെഷീൻ, വൈബ്രേറ്റർ വാടക | 28000 |
| 4 | മസ്റ്റർ റോൾ | 186300 |
| | ആകെ | 449900 |

പ്രസ്തുത പ്രവൃത്തിക്ക് ആവശ്യമായ സിമന്റിന്റെ അളവ് വിവരം ചുവടെ ചേർക്കുന്നു.

| ഇനം നം. | കോൺക്രീറ്റിംഗിന്റെ ഇനം | കോൺക്രീറ്റിംഗിന്റെ അളവ് | ആവശ്യമായ സിമന്റിന്റെ അളവ് ( Kg) |
|---|---|---|---|
| 2 | CC 1:4:8 | 41.7m3 | 7089 |
| 3 | CC 1:2:4 | 20.85m3 | 6672 |
| ആകെ | | | 13761 |

പ്രവൃത്തിക്കായി ഉപയോഗിച്ച സിമന്റ്= 10000 Kg (ബിൽ നം. 66/6.8.2015-5000Kg (രൂ.39300/-), ബിൽ നം. 69/10.8.2015-5000Kg (രൂ. 39300/-), Venus Enterprises, പുനലൂർ).

പ്രസ്തുത ബില്ലുകളുടെ ഡ്യൂപ്ലിക്കേറ്റുകൾ കൂടി കൺവീനർ ഹാജരാക്കിക്കൊണ്ട് സിമന്റിന്റെ അളവ് 20000Kg എന്നും, ചെലവഴിച്ച തുക 157200/-രൂ. എന്നും തെറ്റായി കണക്കാക്കിയത് അംഗീകരിക്കുന്നില്ല.കുറവായി ഉപയോഗിച്ച സിമന്റ് = 13761-10000 = 3761 Kg.കുറവായി ഉപയോഗിച്ച 3761 Kg സിമന്റിന് എസ്റ്റിമേറ്റ് നിരക്കായ രൂ.6.40/Kg നിരക്കിൽ അനുവദിച്ച 24070/- രൂ. ഓഡിറ്റിൽ നിരാകരിക്കുന്നു.ടി തുക കൺവീനറിൽ നിന്നോ, ഉത്തരവാദിയായ

അസി.എഞ്ചിനീയറിൽ നിന്നോ ഈടാക്കേണ്ടതാണ്.

**3-8** ആവശ്യകതയിൽ കൂടുതൽ അളവിലുള്ള സിമന്റിന് വില കണക്കാക്കി കൺവീനർക്ക് തുക അനുവദിച്ചു- നിരാകരിക്കുന്ന തുക- **31338/-**രൂപ.

(എ) പ്രോജക്ട് നം. SO-035/16- നാലുസെന്റ് കുറക്കോട് റോഡ് കോൺക്രീറ്റിംഗ്

നിർവഹണം- അസി. എഞ്ചിനീയർ.

അടങ്കൽ തുക- 400000/- (CFC)

കൺവീനർ- ശ്രീ. അനിൽകുമാർ.കെ.

എഗ്രി. നം/തീ- 48/AE/LSGD/CHRA/15-16 dt-10.8.2015

എം. ബുക്ക് നം.44/15-16

ആകെ പ്രവൃത്തിമൂല്യം-375890/- രൂപ

ചെലവ് തുക(നികുതി ഉൾപ്പടെ)-398443/- രൂപ

ബിൽ നം. 37/15-16/28.9.2015

പ്രസ്തുത പ്രവൃത്തിക്ക് ആവശ്യമായ സിമന്റിന്റെ അളവ് വിവരം ചുവടെ ചേർക്കുന്നു.

| ഇനം നം. | കോൺക്രീറ്റിംഗിന്റെ ഇനം | കോൺക്രീറ്റിംഗിന്റെ അളവ് | ആവശ്യമായ സിമന്റിന്റെ അളവ് ( Kg) |
|---|---|---|---|
| 2 | CC 1:4:8 | 41.7m3 | 7089 |
| 3 | CC 1:2:4 | 20.85m3 | 6672 |
| ആകെ | | | 13761 |

കൺവീനർ ഹാജരാക്കിയ ചെലവുരേഖകളുടെ വിവരം താഴെ ചേർക്കുന്നു.

| ക്രമ നം. | ഇനം | തുക (രൂ) |
|---|---|---|
| 1 | സിമന്റ് (400 ചാക്ക്= 20000 Kg)<br>ബിൽ നം.103/13.8.15, K.R.Hardwares, കടയ്ക്കൽ. | 162590 |
| 2 | മെറ്റൽ, എം.സാന്റ് | 164500 |
| 3 | മിക്സിംഗ് മെഷീൻ, വൈബ്രേറ്റർ വാടക | 35000 |
| 4 | മസ്റ്റർ റോൾ | 60410 |
| | ആകെ | 422500 |

പ്രവൃത്തിക്ക് ആവശ്യമായ സിമന്റ്= 13761 Kg.

കൺവീനർ ഹാജരാക്കിയ ബിൽ പ്രകാരം 13761 Kg സിമന്റിന്റെ വില = (162590/20000)x13761=111870/-രൂ. മാത്രമാണ് സിമന്റിന്റെ വിലയിനത്തിൽ

അനുവദനീയം. ആയതിനാൽ പ്രവൃത്തിയുടെ ആകെ ചെലവ് =
111870+164500+35000+60410=371780/-രൂപ.

(+) VAT 5%- 18589 /-രൂപ

KCWWF 1%- 3717/-രൂപ

--------

ൻവലിക്കാവുന്ന തുക-394086/-രൂപ

പിൻവലിച്ച തുക = 398443/- രൂപ

അധികം പിൻവലിച്ച തുക =398443-394086 = 4357/- രൂപ ഓഡിറ്റിൽ നിരാകരിക്കുന്നു.

(ബി) പ്രോജക്ട് നം. SO-149/16- കൊച്ചരിപ്പ ട്രാൻസ്ഫോർമർ റോഡ് കോൺക്രീറ്റിംഗ്(ST)

നിർവഹണം- അസി. എഞ്ചിനീയർ.

അടങ്കൽ തുക- 270000/- രൂപ(Plan-TSP)

കൺവീനർ-ശ്രീ. മഹേഷ്. എം.

എഗ്രി. നം/തീ- 1/AE/LSGD/CHRA/15-16 dt-10.4.2015

എം. ബുക്ക് നം.5/15-16

ആകെ പ്രവൃത്തിമൂല്യം-252226/- രൂപ

ചെലവ് തുക(നികുതി ഉൾപ്പടെ)-267359/-രൂപ

ബിൽ നം. 6/15-16/30.6.2015

പ്രസ്തുത പ്രവൃത്തിക്ക് ആവശ്യമായ സിമന്റിന്റെ അളവ് വിവരം ചുവടെ ചേർക്കുന്നു.

| ഇനം നം. | കോൺക്രീറ്റിംഗിന്റെ ഇനം | കോൺക്രീറ്റിംഗിന്റെ അളവ് | ആവശ്യമായ സിമന്റിന്റെ അളവ് ( Kg) |
|---|---|---|---|
| 2 | CC 1:4:8 | 33m3 | 5610 |
| 3 | CC 1:2:4 | 16.50m3 | 5280 |
| ആകെ | | | 10890 |

കൺവീനർ ഹാജരാക്കിയ ചെലവുരേഖകളുടെ വിവരം താഴെ ചേർക്കുന്നു.

| ക്രമ നം. | ഇനം | തുക (രൂപ) |
|---|---|---|
| 1 | സിമന്റ് (320 ചാക്ക്= 16000 Kg)<br>ബിൽ നം.1022/21.4.15, S.K.Hardwares, നിലമേൽ. | 129339 |
| 2 | മെറ്റൽ, എം.സാന്റ് | 96500 |
| 3 | മസ്റ്റർ റോൾ | 42240 |

| | | |
|---|---|---|
| | ആകെ | 268079 |

പ്രവൃത്തിക്ക് ആവശ്യമായ സിമന്റ്= 10890 Kg.

കൺവീനർ ഹാജരാക്കിയ ബിൽ പ്രകാരം 13761 Kg സിമന്റിന്റെ വില = (129339/16000)x10890=88031/-രൂപ മാത്രമാണ് സിമന്റിന്റെ വിലയിനത്തിൽ അനുവദനീയം.

ആയതിനാൽ പ്രവൃത്തിയുടെ ആകെ ചെലവ് = 88031+96500+42240=226771/-രൂ.

(+) VAT 5%- 11339

KCWWF 1%- 2268

--------

പിൻവലിക്കാവുന്ന തുക- 240378/-

പിൻവലിച്ച തുക = 267359/- രൂ.

അധികം പിൻവലിച്ച തുക = 267359-240378 =26981/- രൂപ ഓഡിറ്റിൽ നിരാകരിക്കുന്നു.

(എ),(ബി) എന്നിവ പ്രകാരം അധികം പിൻവലിച്ച 31338/- രൂപ ഓഡിറ്റിൽ നിരാകരിക്കുന്നു.

ടി തുക ഉത്തരവാദിയായ അസി.എഞ്ചിനീയറിൽ നിന്ന് ഈടാക്കേണ്ടതാണ്.

## 3-9 അഡ്വാൻസ് തുക ക്രമീകരിച്ചില്ല -335800/- രൂപ തടസ്സപ്പെടുത്തുന്നു.

വൗച്ചർ നം. 27/10.04.2015 – 335800/- രൂപ

അസിസ്റ്റന്റ് സെക്രട്ടറിയ്ക്ക് 335800/- രൂപ അഡ്വാൻസ് നൽകിയതുമായി ബന്ധപ്പെട്ട എൻക്വയറി നം. 1/8.01.2017 നൽകിയതിന് ഗുണഭോക്താക്കളായ 73 പേർക്ക് നൽകാനുള്ള ശുചിത്വമിഷൻ ഫണ്ട് ഒരു ഗുണഭോക്താവിന് 4600/- രൂപ വീതം 335800/- രൂപ ശുചിത്വമിഷനിൽ നിന്നും ലഭിച്ചത് പഞ്ചായത്ത് അക്കൗണ്ടിൽ വരവ് വെച്ച് അസിസ്റ്റന്റ് സെക്രട്ടറിയ്ക്ക് മാറി നൽകുകയാണ് ചെയ്തതെന്ന മറുപടിയാണ് സെക്രട്ടറി ലഭ്യമാക്കിയിട്ടുള്ളത്. എന്നാൽ അഡ്വാൻസ് രജിസ്റ്റർ ഹാജരാക്കുകയോ, അഡ്വാൻസ് തുകയായ 335800/- രൂപ ക്രമീകരിച്ചത് സംബന്ധിച്ച ചെലവ് രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കുകയോ ചെയ്തിട്ടില്ല. ആയതിനാൽ അസിസ്റ്റന്റ് സെക്രട്ടറിയ്ക്ക് നൽകിയ 335800/- രൂപ തടസ്സപ്പെടുത്തുന്നു. രേഖകൾ ഹാജരാക്കി ഓഡിറ്റ് തടസ്സം ഒഴിവാക്കേണ്ടതാണ്.

## 3-10 സബ് വൗച്ചറുകൾ ഹാജരാക്കിയിട്ടില്ല – 115542 /- രൂപ തടസ്സപ്പെടുത്തുന്നു.

കിന്റർ ഗാർഡനിലെ കുട്ടികൾക്കായി വാങ്ങിയ ഭക്ഷണ സാധനങ്ങളുടെയും, വിറകിന്റേയും സബ് വൗച്ചറുകൾ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല. 2015-16 വർഷം ഭക്ഷണത്തിനായും, വിറകിനായും ചെലവഴിച്ച തുകയുടെ വിവരം താഴെപ്പറയുന്നു.

| ചെക്ക് നമ്പർ/തീയതി | തുക (രൂപ) |
|---|---|
| 430301/27.04.2015 | 12475 |
| 430311/06.05.2015 | 11424 |
| 430338/05.06.2015 | 12441 |
| 430514/10.07.2015 | 15020 |
| 430588/08.10.2015 | 17429 |
| 186424/23.11.2015 | 15601 |
| 432366/19.12.2015 | 15811 |
| 432327/17.02.2016 | 15341 |
| ആകെ | 115542 /- |

ചെലവഴിച്ച തുകയുടെ വൗച്ചറുകളുടെ അഭാവത്തിൽ 115542 /- രൂപ തടസ്സപ്പെടുത്തുന്നു രേഖകൾ ഹാജരാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്.

## 3-11 വൈദ്യുതി ചാർജ്ജ് ഒടുക്കിയതിന്റെ രസീത് ഹാജരാക്കിയിട്ടില്ല - 6044 /- രൂപ തടസ്സപ്പെടുത്തുന്നു.

1.വൗച്ചർ നമ്പർ 156/15.06.2015 – 3650/- രൂപ

മാങ്കോറ്റ് പി.എച്ച്.സി.യിലെ കൺസ്യൂമർ നമ്പർ 2746 ലെ 6.05.2015 മുതൽ 04.06.2015 വരെയുള്ള വൈദ്യുത ചാർജ്ജ് തുകയായ 3650/- രൂപ ഒടുക്കിയതിന്റെ രസീത് ഹാജരാക്കിയിട്ടില്ല.

2.വൗച്ചർ നമ്പർ 157/15.06.2015 – 2394/- രൂപ

മടത്തറ ഹൈമാസ് ലൈറ്റിന്റെ 9.04.2015 മുതൽ 5.06.2015 വെയുള്ള വൈദ്യുതി ചാർജ്ജ് 2394/- രൂപ ഒടുക്കിയതിന്റെ രസീത് ഹാജരാക്കിയിട്ടില്ല.
രസീതുകളുടെ അഭാവത്തിൽ ചെലവഴിച്ച 6044/- രൂപ (3650+2394)തടസ്സപ്പെടുത്തുന്നു. രസീത് പരിശോധനയ്ക്ക് ഹാജരാക്കി ഓഡിറ്റ് തടസ്സം ഒഴിവാക്കേണ്ടതാണ്.

## 3-12 വൗച്ചറുകൾ ഹാജരാക്കിയിട്ടില്ല - 21500 /-രൂപ തടസ്സപ്പെടുത്തുന്നു.

താഴെപ്പറയുന്ന വൗച്ചറുകൾ പരിശോധനയ്ക്ക് ഹാജരാക്കാത്തതിനാൽ ചെലവ് തുക 21500/- രൂപ തടസ്സപ്പെടുത്തുന്നു.

| ക്രമ നംപർ | വൗച്ചർ നമ്പർ/തീയതി | ചെലവ് വിവരം | തുക (രൂപ) |
|---|---|---|---|
| 1. | 183/01.07.2015 | കിഴക്കുംഭാഗം മാർക്കറ്റ് പാഴ് വസ്തു നിർമ്മാർജ്ജനം | 4000 |
| 2. | 184/01.07.2015 | അയിരക്കുഴി മാർക്കറ്റ് പാഴ് വസ്തു നിർമ്മാർജ്ജനം | 4000 |

| | | | |
|---|---|---|---|
| 3. | 238/ 13.7.2015 | ആയുർവേദാശുപത്രിയുടെ മുൻവശത്തെ മാലിന്യ കൂമ്പാരം കോരി മാറ്റിയതിന് നല്കിയ തുക | 4000 |
| 4. | 239/16.07.2015 ചെക്ക് നമ്പർ - 430517 | കമ്മ്യൂണിറ്റി ഹാളിന്റെ പൈപ്പ് ലൈനിന്റെ അറ്റകുറ്റപ്പണികൾ ചെയ്തതിന് മസ്റ്റർറോൾ പ്രകാരം 3500/- രൂപ നൽകിയതിന്റെ വൗച്ചർ, കമ്മിറ്റി തീരുമാനം, ബന്ധപ്പെട്ട സെക്ഷന്റെ ഓഫീസ് നോട്ട് എന്നിവ പരിശോധനയ്ക്കക്ക് ലഭ്യമാക്കിയിട്ടില്ല. | 3500 |
| 5 | വൗച്ചർ നമ്പർ 252/22.07.2015 ചെക്ക് നമ്പർ - 430523 | കൊല്ലായിൽ മാർക്കറ്റിലെ കാട്ടുചെത്തിപറിച്ചത് വാരി മാറ്റിയതിന് നൽകിയ 6000/- രൂപയുടെ മസ്റ്റർറോൾ മാത്രമാണ് പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടുള്ളത്. കമ്മിറ്റി തീരുമാനം, വൗച്ചർ എന്നിവ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല | 6000 |
| | ആകെ | | 21500 |

ഓഡിറ്റ് അന്വേഷണം നമ്പർ 5/20.1.17 ന് മറുപടി ഹാജരാക്കിയിട്ടില്ല. വൗച്ചറുകൾ പരിശോധനയ്ക്ക് ഹാജരാക്കി ഓഡിറ്റ് തടസ്സം ഒഴിവാക്കേണ്ടതാണ്.

## 3-13 ചെലവുരേഖകൾ ഹാജരാക്കിയില്ല- തടസ്സപ്പെടുത്തുന്ന തുക-1006400/- രൂ.

ഗുണഭോക്തൃ സമിതി മുഖേന തൻവർഷം നടപ്പിലാക്കിയ ചുവടെ ചേർക്കുന്ന പ്രവൃത്തികളുടെ ചെലവുരേഖകൾ പരിശോനയ്ക്ക് ലഭ്യമാക്കിയില്ല. ഓഡിറ്റ് എൻക്വയറി നം. 15 തീ-28.1.2017 പ്രകാരം ആവശ്യപ്പെട്ടിട്ടും രേഖകൾ ഹാജരാക്കിയിട്ടില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം | പ്രോജക്ട് വിവരങ്ങൾ | ബിൽ നം-തീയതി, തുക | ആകെ തുക |
|---|---|---|---|
| 1 | പ്രോജക്ട് നം. SO-143/16<br>കോത്തല അങ്കണവാടിക്ക് കെട്ടിടനിർമ്മാണം.<br>അടങ്കൽ തുക- 846000/-<br>(CFC-336119<br>Plan-509881)<br>കൺവീനർ-ശ്രീജ.<br>എഗ്രി. നം/തീ- 96/AE/LSGD/CHRA/14-15 dt-28.3.2015<br>എം. ബുക്ക് നം.25/15-16,41/15-16 | 9/15-16/20.7.2015-214518/-<br>77/15-16/22.3.2016-295363/-<br>98/15-16/31.3.2016-336119/- | 846000 |

| | | | |
|---|---|---|---|
| 2 | പ്രോജക്ട് നം. SO-161/16<br>ഭജനമഠം അങ്കണവാടി മെയിന്റനൻസ്<br>അടങ്കൽ തുക- 161096/-(MGNR)<br>കൺവീനർ-ദുഷ്യന്തൻ<br>എഗ്രി. നം/തീ- 2/AE/LSGD/CHRA/15-16 dt-10.4.2015<br>എം. ബുക്ക് നം.6/15-16 | 5/15-16/30.6.2015-160400/- | 160400 |
| | | ആകെ | 10,06,400 |

ചെലവുരേഖകൾ ഹാജരാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്.

## 3-14 കാരിച്ചിറ അങ്കണവാടി കെട്ടിടം നിർമ്മാണം- അപാകതകൾ- നിരാകരിക്കുന്ന തുക- 28740/-രൂ.

പ്രോജക്ട് നം.SO-157/16-

നിർവഹണം- അസി. എഞ്ചിനീയർ.

അടങ്കൽ തുക- 900000/- (CFC)

കൺവീനർ- ശ്രീ.ജനിമോൻ

എഗ്രി. നം/തീ- 92/AE/LSGD/CHRA/14-15 dt-18.3.2015

എം. ബുക്ക് നം.80/14-15

ചെലവഴിച്ച തുക- 892260/-

ബിൽ നം. 43/15-16/29.9.2015

കൺവീനർ ഹാജരാക്കിയ ചെലവുരേഖകളുടെ വിവരം താഴെ ചേർക്കുന്നു.

| ക്രമ നം. | ഇനം | തുക (രൂ) |
|---|---|---|
| 1 | മെറ്റൽ, എം.സാന്റ്, പാറ, ചിപ്സ് etc. | 242400 |
| 2 | തട്ടടി, കോൺക്രീറ്റിംഗ് | 75000 |
| 3 | ചുടുകട്ട (14000 എണ്ണം) | 98000 |
| 4 | കട്ടള, ജന്നൽ etc | 91000 |
| 5 | സിമന്റ് | 110960 |
| 6 | കമ്പി (1310 Kg) | 55020 |
| 7 | ഹാർഡ് വെയേഴ്സ്, പെയിന്റ്,ടൈൽസ്, PVC ഡോർ etc. | 104968 |
| 8 | മസ്റ്റർ റോൾ | 180500 |

| | | |
|---|---|---|
| | ആകെ | 957848 |

(എ) ഇനം-6 (എം. ബുക്ക് പേജ് നം. 76) പ്രകാരം " Brick work in CM 1:6 using wirecut bricks of size 22.9x11.2x7 cm including all cost and labour charges etc. complete” എന്ന ഇനം 27.60m3 ചെയ്തതിന് 5317/m3 നിരക്കിൽ 146749/- രൂ. നൽകിയിട്ടുണ്ട്.

ഒരു ചുടുകട്ടയുടെ വ്യാപ്തം = 22.9x11.2x7= 0.0018m

27. 27.60m3 പ്രവൃത്തിക്കാവശ്യമായ ചുടുകട്ടയുടെ എണ്ണം= 27.60/ 0.0018= 15334.

വാങ്ങിയ ചുടുകട്ടയുടെ എണ്ണം = 14000.

കുറവായി വാങ്ങിയ ചുടുകട്ടയുടെ എണ്ണം = 15334-14000= 1334 എണ്ണം.

1334 ചുടുകട്ടയ്ക്ക് ഒരു ചുടുകട്ടയുടെ എസ്റ്റിമേറ്റ് നിരക്കായ 7.192 രൂ. ക്രമത്തിൽ 9594/- രൂ. ഓഡിറ്റിൽ നിരാകരിക്കുന്നു.

(ബി) ഇനം- 9 (എം. ബുക്ക് പേജ് നം. 79) പ്രകാരം RCC യ്ക്കുള്ള കമ്പി 1170 Kg @ 6339/Qtl നിരക്കിൽ 74166/- രൂ. നൽകിയിട്ടുണ്ട്. കൺവീനർ ഹാജരാക്കിയ ബിൽ (നം.402/20.4.2015 , വിളയിൽ ഹാർഡ് വെയേഴ്സ്, കടയ്ക്കൽ) പ്രകാരം 1310 Kg കമ്പിയ്ക്ക് രൂ.42/ Kg നിരക്കിൽ 55020/- രൂ. മാത്രമാണ് ചെലവഴിച്ചിട്ടുള്ളത്. ഗുണഭോക്തൃസമിതി മാർഗ്ഗരേഖ പ്രകാരം, ബിൽ പ്രകാരമുള്ള തുകയോ, കൺവീനർ യഥാർത്ഥത്തിൽ ചെലവഴിച്ച തുകയോ ഏതാണോ കുറവ് ആ തുകയാണ് അനുവദിക്കാവുന്നത്. ആയതിനാൽ പ്രസ്തുത ഇനത്തിന് അനുവദനീയമായ തുക 55020/- രൂപയാണ്. അധികം ചെലവഴിച്ച തുക 19146/- രൂ. (74166-55020= 19146/-) ഓഡിറ്റിൽ നിരാകരിക്കുന്നു.

(എ), (ബി) എന്നിവ പ്രകാരമുള്ള 28740/- രൂ. (9594+19146=28740/-) ഓഡിറ്റിൽ അംഗീകരിക്കുന്നില്ല. ടി തുക ഉത്തരവാദിയായ അസി. എഞ്ചിനീയറിൽ നിന്നും ഈടാക്കേണ്ടതാണ്.

## **3-15** <u>പഴവൂർകോണം അങ്കണവാടിക്ക് അറ്റകുറ്റപ്പണി- സിമന്റ് കട്ട ആവശ്യകതയിൽ കുറവായി ഉപയോഗിച്ചു- ഉപയോഗിക്കാത്ത സിമന്റ് കട്ടയ്ക്ക് തുക നൽകി- നിരാകരിക്കുന്ന തുക- **2594/-**രൂ.</u>

പ്രോജക്ട് നം.SO-250/16

നിർവഹണം- അസി. എഞ്ചിനീയർ.

അടങ്കൽ തുക- 350000/- (MGNR)

കൺവീനർ- ശ്രീ. നവീൻ

എഗ്രി. നം/തീ- 106/AE/LSGD/CHRA/15-16 dt-24.2.2016

എം. ബുക്ക് നം.103/15-16

ചെലവഴിച്ച തുക- 297371/-

ബിൽ നം. 76/15-16/21.3.2016

കൺവീനർ ഹാജരാക്കിയ ചെലവുരേഖകളുടെ വിവരം താഴെ ചേർക്കുന്നു.

| ക്രമ നം. | ഇനം | തുക (രൂ) |
|---|---|---|
| 1 | പെയിന്റ്, സിമന്റ് | 47360 |
| 2 | സ്റ്റീൽ, ഷീറ്റ്, റിഡ്ജ് | 53912 |
| 3 | എം. സാന്റ് | 108000 |
| 4 | സിമന്റ് കട്ട (110 എണ്ണം) | 3850 |
| 5 | മെറ്റൽ | 12000 |
| 6 | മസ്റ്റർ റോൾ | 66510 |
| | ആകെ | 291632 |

ഇനം-1(എം. ബുക്ക് പേജ് നം. 27) പ്രകാരം " Solid block masonry using precast solid blocks (factory made) of size 40x20x10cm or nearest availble size” എന്ന ഇനം 1.606m3 ചെയ്തതിന് 5479.62/m3 നിരക്കിൽ 8800.27/- രൂപ നൽകിയിട്ടുണ്ട്.

ഒരു കട്ടയുടെ വ്യാപ്തം =40x20x10= 0.008m3

1.606m3 പ്രവൃത്തിക്കാവശ്യമായ കട്ടയുടെ എണ്ണം=1.606/ 0.008= 201.

വാങ്ങിയ കട്ടയുടെ എണ്ണം = 110

കുറവായി വാങ്ങിയ കട്ടയുടെ എണ്ണം = 201-110= 91എണ്ണം.
91 കട്ടയ്ക്ക് ഒരു കട്ടയുടെ എസ്റ്റിമേറ്റ് നിരക്കായ 28.50രൂ. ക്രമത്തിൽ 2594/- രൂ. ഓഡിറ്റിൽ നിരാകരിക്കുന്നു. ടി തുക ഉത്തരവാദിയായ അസി. എഞ്ചിനീയറിൽ നിന്നും ഈടാക്കേണ്ടതാണ്.

## 3-16 ലഭ്യാമാകാത്ത രജിസ്റ്ററുകൾക്ക് തുക നൽകി-**2070/-**രൂപ നിരാകരിക്കുന്നു. വൗച്ചർ നമ്പർ 49/16.02.2016 ചെക്ക് നമ്പർ - 432624- 14355/- രൂപ

ക്വട്ടേഷൻ ക്ഷണിക്കാതെ ത്രിവേണി സ്കൂൾ മാർക്കറ്റ് പേപ്പർ മാർട്ട് എന്ന സ്ഥാപനത്തിൽ നിന്നും വലിയ രജിസ്റ്റർ 40 എണ്ണം 120/- രൂപ പ്രകാരം 4800/- രൂപയ്ക്കും, ഇടത്തരം രജിസ്റ്റർ 52 എണ്ണം 90/- രൂപ പ്രകാരം 4680/- രൂപയ്ക്കും, ചെറിയ രജിസ്റ്റർ 75 എണ്ണം 65/- രൂപ പ്രകാരം 4875/- രൂപയ്ക്കും വാങ്ങിയിട്ടുള്ളതാണ്. എന്നാൽ സ്റ്റോക്ക് രജിസ്റ്റർ പരിശോധിച്ചതിൽ വലിയ രജിസ്റ്റർ 26 എണ്ണവും, ഇടത്തരവും ചെറിയ രജിസ്റ്ററും ചേർത്ത് 115 എണ്ണവും ഉൾപ്പെടെ 141 രജിസ്റ്റർ ആണ് അയൽസഭ, വാർഡ് വികസനസമിതി എന്നിവർക്ക് നൽകിയിട്ടുള്ളത്. ബാലൻസ് രജിസ്റ്ററുകളുടെ ഭൗതിക പരിശോധനയിൽ ചെറിയ 6 രജിസ്റ്റർ മാത്രമാണ് നൽകാതെ അവശേഷിക്കുന്നത്. എന്നാൽ ബാക്കി 14 വലിയ രജിസ്റ്ററും, 6 ചെറിയ രജിസ്റ്ററും നാളിതുവരെ സ്ഥാപനത്തിൽ നിന്നും പഞ്ചായത്തിന് ലഭിച്ചിട്ടില്ല. 14 വലിയ രജിസ്റ്ററിന് ചെലവഴിച്ച 1680/- രൂപയും 6

ചെറിയ രജിസ്റ്ററിന് ചെലവഴിച്ച 390/- രൂപയും പഞ്ചായത്തിന് നഷ്ടമാണുണ്ടായത്. ആയതിനാൽ ലഭ്യാമാകാത്ത രജിസ്റ്ററുകൾക്കു വേണ്ടി ചെലവഴിച്ച 2070/-രൂപ (1680 + 390) നിരാകരിക്കുന്നു. ഉത്തരവാദിയായ ഉദ്യോഗസ്ഥനിൽ നിന്നും ടി തുക ഈടാക്കേണ്ടതാണ്

**3-17** <u>കൈപ്പറ്റ രസീതുകൾ ഹാജരാക്കിയില്ല- **16000 /-** രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.</u>

കേരള ഗ്രാമപഞ്ചായത്ത് അസോസിയേഷന് 2012 മുതൽ 2015-16 വരെ കുടിശ്ശിക വാർഷിക വരിസംഖ്യ ആയ 12,000/- രൂപ(വൗച്ചർ നംപർ 32/14.3.16) നൽകിയതിന്റെ കൈപ്പറ്റ് രസീതും, ക്രൂസിന് നൽകിയ 2014-15, 2015-16 വാർഷിക വരിസംഖ്യയായ 4000/- രൂപയുടെ(വൗച്ചർ നംപർ 33/14.3.16) കൈപ്പറ്റ് രസീതും പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല. ആയതിനാൽ മേൽപ്പറഞ്ഞ വൗച്ചറുകൾ പ്രകാരം ചെലവഴിച്ച തുക തടസ്സപ്പെടുത്തുന്നു. കൈപ്പറ്റ് രസീതുകൾ ഹാജരാക്കി ഓഡിറ്റ് തടസ്സം ഒഴിവാക്കേണ്ടതാണ്.

## ഭാഗം-4

## <u>പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും</u>

**4-1.** <u>സംയുക്ത പ്രൊജക്റ്റുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം</u>

ഇല്ല

**4-2.** <u>ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ</u>

ഇല്ല

**4-3.** <u>മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത്</u>

ഇല്ല

**4-4.** <u>വായ്പ/ വായ്പ തിരിച്ചടവ്</u>

ഇല്ല

**4-5** <u>സ്ഥിരനിക്ഷേപങ്ങൾ</u>

ഇല്ല

**4-6.** <u>ഓഡിറ്റ് റിക്കവറി</u>

ഈയിനത്തിൽ തൻവർഷം ലഭിച്ച /വരവില്ല 8977/-.രൂപയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| റിപ്പോർട്ട് വർഷം | ഭാഗം/ ഖണ്ഡിക | ഈടാക്കിയ തുക | ഒടുക്കിയ ആളുടെ പേരും ഉദ്യോഗ പ്പേരും | രശീത് നമ്പർ- തിയ്യതി |
|---|---|---|---|---|
| 2008-09 | 3-11 | 6727 | ബിജിമോൾ അസിസ്റ്റന്റ് എഞ്ചിനീയർ | 11501103294/16-12-15 |
| 2011-12& 2012-13 | 2-1 | 250 | സജീന.എം.എസ് എൽ.പി.എസ്.എ കെ.വി.യു.പി.എസ് | 1151104248/05-03-16 |
| | 2-1 | 250 | സിറാജ്ജുദ്ദീൻ.എ.കെ അറബിക് ടീച്ചർ മതിര.എൽ.പി.എസ് | 11501104203/04-03-16 |
| | 2-1 | 250 | ഗീതാകുമാരി.പി എൽ.പി.എസ്.എ ജവഹർ എൽ.പി.എസ് | 1140101625/08-07-14 |
| | 2-2 | 1000 | പോബ്സ് എന്റർപ്രൈസസ് | 11501104404/04-03-16 |
| 2013-14& 2014-15 | 2-4(1) | 250 | അനിതാഭായി പി.എച്ച്.സി മാങ്കോട് | 11501103676/29-01-16 |
| | 2-4(2) | 250 | ടോണി.കെ.ജോൺ ബി.എസ്.എൻ.എൽ ചിതറ | 11501103874/12-02-16 |

**4-7.** <u>സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം.</u>

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടികളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23- വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം |
|---|---|---|---|---|
| 1998-99 | 3-11 | 2003-04 | | ക്രമരഹിതമായി ടി.വി.സെറ്റുകൾ വാങ്ങിച്ചു. |
| 2007-08 | 3(2) | 2010-11 | 5.2.3(1) | പരമ്പരാഗത തൊഴിൽ സംരക്ഷണം -പദ്ധതി നടത്തിപ്പിൽ അപാകത-ചെലവ് 62500/- ഓഡിറ്റ് നിരാകരണം |

## 4-8 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | | |
|---|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | : | 67624649/- |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | : | 97053295/- |
| വരവിനങ്ങളിലുള്ള നഷ്ടം | : | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | : | 106312 /- |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | : | 10300132/- |

(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| 3-2 | | 17500 | ശ്രീ. എൻ. ഭാസ്കര പിള്ള, കൃഷി ഓഫീസർ |
| 3-7 | | 24070 | ശ്രീമതി. ദീനാ സുശീൽ, |

| | | | |
|---|---|---|---|
| | | | അസി.എഞ്ചിനീയർ |
| 3-8 | | 31338 | ശ്രീമതി. ദീനാ സുശീൽ,അസി.എഞ്ചിനീയർ |
| 3-14 | | 28740 | ശ്രീമതി. ദീനാ സുശീൽ,അസി.എഞ്ചിനീയർ |
| 3-15 | | 2594 | ശ്രീമതി. ദീനാ സുശീൽ,അസി.എഞ്ചിനീയർ |
| 3-16 | | 2070 | ശ്രീ.ദേവരാജൻ.എൻ. , സെക്രട്ടറി |
| | ആകെ | 106312 | |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-1 | 8698730 | ശ്രീ. രാജുദാസ്.എം.കെ, അസിസ്റ്റന്റ് സെക്രട്ടറി |
| 3-4 | 10000 | ശ്രീ. ദേവരാജൻ.എൻ, സെക്രട്ടറി |
| 3-6 | 90116 | ശ്രീ. സുരേഷ് കുമാർ, സെക്രട്ടറി-39000 /-<br>ശ്രീ.ദേവരാജൻ.എൻ.<br>സെക്രട്ടറി-5116 /- |
| 3-9 | 335800 | ശ്രീ. സുരേഷ് കുമാർ, സെക്രട്ടറി |
| 3-10 | 115542 | ശ്രീ. സുരേഷ് കുമാർ, സെക്രട്ടറി-51360/-<br>ശ്രീ.ദേവരാജൻ.എൻ.സെക്രട്ടറി-64182/- /- |
| 3-11 | 6044 | ശ്രീ. സുരേഷ് കുമാർ, സെക്രട്ടറി |
| 3-12 | 21500 | ശ്രീ. സുരേഷ് കുമാർ,സെക്രട്ടറി |
| 3-13 | 1006400 | ശ്രീമതി. ദീനാ സുശീൽ,അസി.എഞ്ചിനീയർ |
| 3-17 | 16000 | ശ്രീ.ദേവരാജൻ.എൻ, സെക്രട്ടറി |
| ആകെ | 10300132 | |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീ.ദേവരാജൻ.എൻ,സെക്രട്ടറി | വിരമിച്ചു. | ദേവാലയം കല്ലുംതാഴം-പി.ഒ കൊല്ലം. |
| ശ്രീ. എൻ. ഭാസ്കര പിള്ള,കൃഷി ഓഫീസർ | വിരമിച്ചു | ശ്രീനിലയം ചിതറ പി.ഒ |
| ശ്രീമതി. ദീനാ സുശീൽ, അസി.എഞ്ചിനീയർ | അസി.എഞ്ചിനീയർ ചിതറ ഗ്രാമപഞ്ചായത്ത്. | ദീപാ നിവാസ് ആലഞ്ചേരി ഏരൂർ.പി. കൊല്ലം. |

## 4-9. തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം |
|---|---|
| 1991-92& 1992-93 | എൽ.എഫ്.ക്യൂ.പി-4/1323/14( 1)/14-08-14 |
| 1993-94& 1994-95 | എൽ.എഫ്.ക്യൂ.പി-4/1323/14( 2)/14-08-14 |
| 1996-97 | എൽ.എഫ്.ക്യൂ.പി-4/1323/14(3 )/14-08-14 |
| 1997-98 | എൽ.എഫ്.ക്യൂ.പി-4/1323/14( 4)/14-08-14 |
| 1998-99 | എൽ.എഫ്.ക്യൂ.പി-4/1323/14( 5)/14-08-14 |
| 1999-00 | എൽ.എഫ്.ക്യൂ.പി-4/1323/14( 6)/14-08-14 |
| 2000-01 | എൽ.എഫ്.ക്യൂ.പി-4/1323/14( 7)/14-08-14 |
| 2001-02 | എൽ.എഫ്.ക്യൂ.പി-4/1323/14(8 )/14-08-14 |
| 2002-03 | എൽ.എഫ്.ക്യൂ.പി-4/1323/14( 9)/14-08-14 |
| 2003-04 | എൽ.എഫ്.ക്യൂ.പി-4/1360/11/27-12-11 |

| | |
|---|---|
| 2004-05 | എൽ.എഫ്.ക്യൂ.പി-4/1323/14( 10)/14-08-14 |
| 2005-06 | എൽ.എഫ്.ക്യൂ.പി-4/1323/14(11 )/14-08-14 |
| 2006-07 | എൽ.എഫ്.ക്യൂ.പി-4/1323/14( 12)/14-08-14 |
| 2007-08 | എൽ.എഫ്.ക്യൂ.പി-4/1571/11/29-12-11 |
| 2008-09 | എൽ.എഫ്.ക്യൂ.പി-4/1323/14(13 )/14-08-14 |
| 2009-10&<br>2010-11 | എൽ.എഫ്.ക്യൂ.പി-4/1323/14(14 )/14-08-14 |
| 2011-12&<br>2012-13 | എൽ.എഫ്.ക്യൂ.പി-4/26/14/09-10-14 |
| 2013-14&<br>2014-15 | കെ.എസ്.എ.കെ.എൽ.എം-പി-4/249/16/22-02-16 |

ഡെപ്യൂട്ടി ഡയറക്ടർ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

<u>അനുബന്ധം</u>

<u>സാക്ഷ്യപത്രം</u>

കെ.എസ്.എ.കെ.എൽ.എം. പി4 -329/2017

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,

ജില്ലാ ഓഡിറ്റ് കാര്യാലയം, കൊല്ലം

ഫോൺ. 0474-2740141

E-mail: doklm.ksad@kerala.gov.in

തീയതി, 11/02/2017

<u>സാക്ഷ്യപത്രം</u>

1994- ലെ കേരളലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994-ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിന്റെ 215-ാം വകുപ്പും അനുസരിച്ചും പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിന് വേണ്ടി കൺട്രോളർ ആൻറ് ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾ അവലംബിച്ചും ചിതറ ഗ്രാമപഞ്ചായത്തിന്റെ 2015—16 ലെ വാർഷിക ധനകാര്യ സ്റ്റേറ്റ്മെൻറ് പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ എന്റെ അഭിപ്രായത്തിൽ ചിതറ ഗ്രാമപഞ്ചായത്തിന്റെ 2015-16ലെ വാർഷിക ധനകാര്യ പത്രിക വരവ് ചെലവുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ

കേരള സംസ്ഥാന ഓഡിറ്റ്

ജില്ലാ ഓഫീസ്,കൊല്ലം